**പതിമൂന്നാംകേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1433** | **08.02.2013 - ൽ മറുപടിക്ക്**

## ദേശീയപാത വികസനം-മലപ്പുറം ജില്ലയിലെ സ്ഥലമെടുപ്പ്

| **ചോദ്യം**<br>**ശ്രീ. കെ. എൻ. എ. ഖാദർ** | **ഉത്തരം**<br>**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
|---|---|
| (എ) ദേശീയപാതാവികസനവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ സ്ഥലമെടുപ്പ് ഏതു ഘട്ടത്തിലാണ്; | (എ) ദേശീയപാതാവികസനവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ എൻ.എച്ച്.17 -ലെ 55 കി.മീ. ദൂരം 45 മീറ്റർ വീതിയിൽ നാലുവരിപ്പാതയാക്കുന്നതിനായി എൻ.എച്ച്.എ.ഐ., എൻ.എച്ച്. ആക്റ്റ് പ്രകാരം 3A(1) നോട്ടിഫിക്കേഷൻ 2009 ഡിസംബറിലും 2011 ഡിസംബറിലും നടത്തിയെങ്കിലും നിശ്ചിത കാലാവധിയായ ഒരു വർഷത്തിനുള്ളിൽ 3 ഡി നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കാൻ കഴിയാത്തതിനാൽ 07.12.2012 -ൽ കാലഹരണപ്പെട്ടു. എൻ.എച്ച്. 213 പി.പി.പി. മുഖേന വികസിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനത്തിലാണ്. |
| (ബി) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും പരാതികൾ ലഭ്യമായിട്ടുണ്ടോ; | (ബി) ലഭ്യമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പരാതികൾ പരിശോധിച്ച് പരിഹരിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ? | (സി) | പ്രസ്തുത പരാതികൾ പരിഹരിക്കാനുള്ള നടപടിയുടെ ഭാഗമായി 16.01.2013 -ലെ സ.ഉ(സാധാ) നം.76/2013/പൊമവ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രോജക്ട് ഡയറക്ടർ (കെ.എസ്.റ്റി.പി.), ചീഫ് എഞ്ചിനീയർ (എൻ.എച്ച്, തിരുവനന്തപുരം), ബന്ധപ്പെട്ട പ്രോജക്ട് ഡയറക്ടർ (എൻ.എച്ച്.എ.ഐ.), ബന്ധപ്പെട്ട ഡെപ്യൂട്ടി കളക്ടർ (എൽ.എ.) എന്നിവർ പ്രസ്തുത കമ്മിറ്റിയിൽ അംഗങ്ങളാണ്. |

Sd/-

സെക്ഷൻ ഓഫീസർ